**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2172** **20-01-2021 - ൽ മറുപടിയ്ക്ക്**

**കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. സി. മമ്മൂട്ടി ,<br>ശ്രീ. കെ എം ഷാജി | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പിവെള്ളത്തിൽ ഗുണനിലവാരം ഇല്ലാത്തവ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | 2019, 2020 കാലയളവിൽ സംസ്ഥാനത്ത് വിതരണം ചെയ്തിരുന്ന കുപ്പിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 21 എണ്ണം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന 3 അനലിറ്റിക്കൽ ലാബുകളും 8 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിച്ചുവരുന്നു. കൂടാതെ പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്നുണ്ട് . കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലുള്ള കുടിവെള്ള സാമ്പിളുകളിലെ കെമിക്കൽ, ബാക്ടീരിയോളജിക്കൽ പരിശോധനകൾ ടി ലാബിൽ നടത്തി വരുന്നു. സംസ്ഥാനത്ത് ലഭ്യമാകുന്ന മുഴുവൻ കുടിവെള്ള ബ്രാൻഡുകളുടെയും സാമ്പിളു കൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിവരുന്നുണ്ട് . അപ്രകാരം 2019, 2020 കാലയളവിൽ സംസ്ഥാനത്ത് വിതരണം ചെയ്തിരുന്ന കുപ്പിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ 21 എണ്ണം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം 14 ബ്രാൻഡുകൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും 6 ബ്രാൻഡുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ |

| | | | |
|---|---|---|---|
| | | | കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ഒരു ബ്രാൻഡിനെതിരെ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | കുപ്പിവെള്ളത്തിന് ഏകീകൃതമായ ന്യായവില നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | 17/03/2020 ലെ സ.ഉ (അച്ചടി) നമ്പർ 5/2020/ ഭ.പൊ.വി.വ (എസ്സ്. ആർ ഒ നമ്പർ 237/2020) പ്രകാരം ഭക്ഷ്യ പൊതുവിതരണ വകുപ്പ് കേരള അവശ്യ സാധന നിയന്ത്രണ ആക്ട് പ്രകാരം ഒരു ലിറ്റർ കുപ്പിവെള്ളത്തിന് 13 രൂപ വില നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ